

**Palakkad Police Action**

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

# വാളയാറിൽ വൻ കഞ്ചാവ് വേട്ട

പാസഞ്ചർ ഓട്ടോറിക്ഷയിൽ കടത്തുകയായിരുന്ന അറുപത്തിമൂന്ന്കിലോ ഗ്രാം കഞ്ചാവുമായി മൂന്നു പേരെ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും വാളയാർ പോലീസും സംയുക്തമായി നടത്തിയ പരിശോധനക്കിടെ വാളയാർ അതിർത്തിയിൽ നിന്നും പിടികൂടി. തമിഴ്നാട് , തേനി സ്വദേശികളായ ജയശീലൻ വഃ36 , കാദർ വഃ36, ഓട്ടോ ഡ്രൈവർ ഈറോഡ് സ്വദേശി കേശവൻ വഃ36 എന്നിവരാണ് അസ്റ്റിലായത്.



ഈറോഡ് ജില്ലയിലെ പെരുന്തുറയിൽ നിന്നും പാസഞ്ചർ ഓട്ടോറിക്ഷയിലാണ് കേരളത്തിലേക്ക് കഞ്ചാവ് കൊണ്ടുവന്നത്. വാളയാർ അതിർത്തിയിൽ ഇടപാടുകാർക്ക് കൈമാറുവാൻ നിൽക്കുന്ന സമയം രഹസ്യവിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് പ്രതികൾ വലയിലായത്. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ 63 ലക്ഷം രൂപ വിലവരും.

പാലക്കാട് ജില്ല പോലീസ് മേധാവി സുജിത്ത് ദാസ്IPS ന്റെ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP. C.D. ശ്രീനിവാസന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്.

വാളയാർ ഇൻസ്പെക്ടർ K.C. വിനു , സബ് ഇൻസ്പെക്ടർ ജിംസൺ വർഗീസ്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ S.ജലീൽ, T.R. സുനിൽ കുമാർ, റഹിം മുത്തു, R. കിഷോർ, സൂരജ് ബാബു, K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ്, S. ഷമീർ, ദിലീപ്, ഷനോസ്, വാളയാർ പോലീസ് സ്റ്റേഷനിലെ ASI E. അനിൽകുമാർ, SCPO മാരായ M. മണികണ്ഠൻ, N. ഷിബു എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

.......................................................................................................................

